പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1207

21.03.2013ൽ
മറുപടിക്ക്

## മണൽ പാസ്

| ചോദ്യം<br>ശ്രീ.ബാബു.എം.പാലിശ്ശേരി : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തലപ്പിള്ളി താലൂക്ക് ആഫീസ് മുഖേന ഭാരതപ്പുഴ മണൽ എടുക്കുന്നതിനായി 2012 ഡിസംബർ, 2013 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് മണൽ പാസ് നൽകിയിട്ടുള്ളത്; | (എ) | 1302 ഗുണഭോക്താക്കൾക്ക് മണൽ പാസ് നൽകിയിട്ടുണ്ട്; |
| (ബി) | ഇത്രയും പേർക്ക് എത്ര ലോറി മണൽ ആണ് ആകെ നൽകാനുള്ളത് ; | **(ബി)** | 2237 ലോഡ് മണൽ നൽകാനുണ്ട്. |
| (സി) | ഇതിൽ എത്ര ലോഡ് മണൽ ഗുണഭോക്താക്കൾക്ക് എടുക്കാൻ കഴിഞ്ഞു ; | (സി) | 1144 ലോഡ് മണൽ ഗുണഭോക്താക്കൾക്ക് എടുക്കാൻ കഴിഞ്ഞു. |
| (ഡി) | മണലിനായി പണം അടയ്ക്കുകയും, പാസ് ലഭിക്കുകയും ചെയ്തിട്ട് നിശ്ചിത സമയത്ത് മണൽ ലഭിക്കാത്തതുകൊണ്ട് ഭവന നിർമ്മാണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി)<br>&<br>(ഇ ) | ഉണ്ട്. ഭാരതപ്പുഴ മണൽ വിതരണത്തിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി 16-01-2013 തീയതിയിൽ ജില്ലാ വിദഗ്ധ സമിതി യോഗം ചേരുകയും, ആയതിന്റെ തീരുമാനം സർക്കാർ പരിശോധിച്ചു വരുകയുമാണ്. തുടർന്ന് ഫെബ്രുവരി മാസം പകുതിയോടെ തൊഴിലാളികൾ ഭാരതപ്പുഴയുടെ പത്ത് കടവുകളിൽ നിന്നും തലചുമടായി മണൽ കയറ്റുന്നതിന് തയ്യാറായി വന്നിട്ടുള്ളതും ആയത് പ്രകാരം മണൽ എടുത്തു വരുന്നതുമാണ്. |
| (ഇ ) | ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ